LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അനുബന്ധം (I) ആയി നൽകിയിരിക്കുന്നു.*

(ബി) അനുബന്ധം (II) ആയി നൽകിയിരിക്കുന്നു.*

(സി) ഇല്ല.

(ഡി) തിരുവനന്തപുരം ഗവൺമെന്റ് ഡെന്റൽ കോളേജിലെ സീനിയറായ ഒരു ഡെന്റൽ ഹൈജീനിസ്റ്റിനെയാണ് പ്രസ്തുത ജോലിക്കായി ചുമതലപ്പെടുത്തിയിരിക്കുന്നത്.

(ഇ) 21-3-2014-ലെ സ.ഉ. (എംഎസ്.) നമ്പർ 106/2014/ആ.കു.വ. പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളിൽ ഫാർമസിസ്റ്റിന്റെ 40 തസ്തികകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഫാർമസിസ്റ്റ്/ലാബ് ടെക്നീഷ്യന്റെ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

സർക്കാർ ആശുപത്രികളിലെ ജീവനക്കാരുടെ സേവനം ഉറപ്പുവരുത്തുന്നതിന് നടപടി

54 (4857) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ടി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ മേഖലയിൽ ഉള്ള PHC മുതൽ മെഡിക്കൽ കോളേജ് വരെയുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(ബി) സർക്കാർ ആശുപത്രി കോമ്പൗണ്ടുകളിലെ ക്വാർട്ടേഴ്സുകൾ കൃത്യമായി മെയിന്റനൻസ് നടത്തി ഉപയോഗപ്രദമാക്കുന്നതിനും രോഗികൾക്ക് ജീവനക്കാരുടെ സേവനം ഉറപ്പ് വരുത്തുന്നതിനും എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 6-11-2008-ലെ സ.ഉ. (എംഎസ്.) നമ്പർ 568/2008/ആ.ക.വ. എന്ന ഉത്തരവ് പ്രകാരം ആരോഗ്യ വകപ്പിന് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളെ 7 വിഭാഗങ്ങളിലായി തരംതിരിച്ചിട്ടുണ്ട്. രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കും സംസ്ഥാന/ദേശീയ ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനങ്ങൾക്കുമാണ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ പ്രാധാന്യം നൽകുന്നത്. പകർച്ചവ്യാധി രോഗങ്ങളും ജീവിതശൈലീ രോഗങ്ങളും നിയന്ത്രിക്കുവാനും ചികിത്സിക്കുവാനുമുള്ള പ്രവർത്തനങ്ങളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലൂടെ നടപ്പിലാക്കി വരുന്നു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി അവയോടനുബന്ധിച്ച് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ എൻ.ആർ.എച്ച്.എം. മുഖേന സമഗ്ര ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രൈമറി ഹെൽത്ത് ലാബുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രാഥമികാരോഗ്യ മേഖല ശക്തിപ്പെടുത്താൻ ആരോഗ്യ വകുപ്പ് മുഖേനയും ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻവഴിയും പ്രവർത്തനങ്ങൾ നടത്തിവരുന്നു.

എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഒരു പ്രാഥമികാരോഗ്യ കേന്ദ്രമെങ്കിലും ഉണ്ടായിരിക്കണമെന്ന ലക്ഷ്യത്തോടെ 2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിലായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഇല്ലാത്ത 24 ഗ്രാമപഞ്ചായത്തുകളിൽ പുതുതായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിച്ചു. ചെമ്മരുതി, കള്ളിക്കാട് എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും വെൺപകൽ സാമൂഹികാരോഗ്യ കേന്ദ്രത്തിലും യൂണിവേഴ്സൽ ഹെൽത്ത് കവറേജ് ലക്ഷ്യംവച്ചുള്ള പൈലറ്റ് പ്രോജക്ട് നടപ്പിലാക്കിവരുന്നു.

സ്പെഷ്യാലിറ്റി ചികിത്സാ സംവിധാനം സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ലഭ്യമാകുന്നതരത്തിൽ പ്രസ്തുത സ്ഥാപനങ്ങളുടെ സ്റ്റാഫ് പാറ്റേണും ലഭ്യമാകുന്ന ചികിത്സാ സൗകര്യങ്ങളും പുനർനിർണ്ണയിച്ചിട്ടുണ്ട്. ഇതിനായി 154 ആശുപത്രികളെ തിരഞ്ഞെടുത്തതിൽ 130 എണ്ണം സാമൂഹികാരോഗ്യകേന്ദ്രങ്ങളാണ്. കൂടാതെ ആറളം ആദിവാസി മേഖലയിൽ ഒരു പ്രാഥമികാരോഗ്യകേന്ദ്രവും പല്ലനയിൽ ഒരു ഫീഷറീസ് ആശുപത്രിയും ജഗതിയിൽ ഒരു സർക്കാർ ഡിസ്പെൻസറിയും പുതുതായി ആരംഭിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ 26 സ്ഥാപനങ്ങളുടെ പദവി ഉയർത്തുകയും 2246 തസ്തികകൾ പുതുതായി സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി/പദ്ധതി ഇതര വിഹിതം, ആസ്തി വികസന ഫണ്ട്, നബാർഡ്, ആർ.എസ്.ബി.വൈ. തുടങ്ങിയ ഫണ്ടുകളുപയോഗിച്ച് സർക്കാർ ആശുപത്രികൾ, സി.എച്ച്.സി, പി.എച്ച്.സി. എന്നിവയുടെ കെട്ടിടം, ക്വാർട്ടേഴ്സ്, ലാബ്, എക്സ്റേ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ് തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. സർക്കാർ ആശുപത്രികളുടെ സമഗ്ര വികസനത്തിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു :

1. മേജർ കൺസ്ട്രക്ഷൻ വർക്സ്
2. ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ ശക്തിപ്പെടുത്തൽ
3. ആസ്തി നവീകരണ ഫണ്ടുപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ
4. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി സ്ഥാപിക്കൽ
5. മെറ്റേണിറ്റി യൂണിറ്റ് സ്ഥാപിക്കൽ
6. ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കൽ
7. ട്രോമാ കെയർ സെന്ററുകൾ സ്ഥാപിക്കൽ
8. സ്വീവേജ് ട്രീറ്റ്മെന്റ്/ബയോമെഡിക്കൽ പ്ലാന്റുകൾ സ്ഥാപിക്കൽ
9. ആസ്തി വികസന ഫണ്ടുപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ
10. ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻവഴിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ.

മെഡിക്കൽകോളേജുകളിൽ രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങളും മരുന്നുലഭ്യതയും അത്യാധുനിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിലൂടെ രോഗ പരിശോധന സംവിധാനങ്ങൾ മെച്ചപ്പെടുത്തുവാനുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു.

(ബി) ആരോഗ്യവകുപ്പിനുകീഴിലെ സർക്കാർ ആശുപത്രി കോമ്പൗണ്ടുകളിലെ ക്വാർട്ടേഴ്സുകൾ മെയിന്റനൻസ് നടത്തുന്നതിന് ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതനുസരിച്ച് ഫണ്ട് ലഭ്യത കണക്കിലെടുത്ത് നവീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചും അധിക തസ്തികകൾ സൃഷ്ടിച്ചും രോഗികൾക്ക് ജീവനക്കാരുടെ മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ പി.ഡബ്ല്യു.ഡി. തലത്തിൽ ചെയ്യാവുന്ന മെയിന്റനൻസുകൾ/റിപ്പയർ ജോലികൾ എല്ലാ സ്റ്റാഫ്

ക്വാർട്ടറുകളിലും ചെയ്യുന്നുണ്ട്. എമർജൻസി വിഭാഗത്തിൽ ജോലിചെയ്യുന്ന ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സുകൾ കൃത്യമായും മെയിന്റനൻസ് നടത്തി ഉപയോഗ പ്രദമാക്കുന്നുണ്ട്.

സർക്കാർ ആശുപത്രികളിലെ ഡോക്ടർമാരുടെ ഒഴിവുകൾ

55 (4858) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ നിലവിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തതെന്ന് വിശദമാക്കാമോ ;

(ബി) ഡോക്ടർമാർക്ക് നിലവിലുണ്ടായിരുന്ന നിർബന്ധിത ഗ്രാമീണ സേവനം എന്ന വ്യവസ്ഥ ഈ സർക്കാർ നീക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ ഇതുമൂലം ഗ്രാമീണ മേഖലയിൽ ഡോക്ടർമാർ സേവനത്തിനെത്താത്തത് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിനായി കണ്ടെത്തിയ പ്രതിവിധിയെന്താണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ആരോഗ്യവകുപ്പിന് കീഴിലുള്ള സർക്കാർ ആശുപത്രി കളിൽ അഡ്മിനിസ്ട്രേറ്റീവ് കേഡറിൽ 41-ഉം ജനറൽ കേഡറിൽ 123-ഉം സ്പെഷ്യാലിറ്റി കേഡറിൽ 410-ഉം ആയി ആകെ 574 ഡോക്ടർമാരുടെ ഒഴിവുണ്ട്.

(ബി - ഡി) നീക്കിയിട്ടുണ്ട്. സ.ഉ.(എംഎസ്.)333/2012/ആ.കു.വ. തീയതി 8-10-2012 പ്രകാരം എം.ബി.ബി.എസ്. വിദ്യാർത്ഥികളുടെ നിർബന്ധിത ഗ്രാമീണ സേവനം നീക്കി വോളന്ററി ഗ്രാമീണ സേവനം എന്ന വ്യവസ്ഥ കൊണ്ടുവന്നിട്ടുണ്ട്. ആയതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ.(എംഎസ്.)100/2015/ആ.കു.വ. തീയതി 12-5-2015 പ്രകാരവും ഉത്തരവായിട്ടുണ്ട്.

കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിലെ ഡോക്ടർ തസ്തികയിലെ ഒഴിവുകൾ

56 (4859) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly